പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 765

08/11/2016 ൽ മറുപടിക്ക്

## സിമന്റിന്റെ കൃത്രിമക്ഷാമവും വിലക്കയറ്റവും തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ.ആൻസലൻ<br>ശ്രീ.എം.നൗഷാദ് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | പരിശോധിച്ചിട്ടുണ്ട്.<br>കേരളത്തിൽ സിമന്റിന്റെ വില വളരെ കൂടുതലാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് 29/07/2016-ൽ അന്നത്തെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സിമന്റ് വിതരണക്കാർ ഉന്നയിച്ച പ്രധാന പരാതി, സിമന്റ് ഉൽപ്പാദകർ നേരിട്ട് ഫ്ളാറ്റ് നിർമ്മാതാക്കൾ പോലെയുള്ളവർക്ക് കുറഞ്ഞ വിലയ്ക്ക് സിമന്റ് വിതരണം ചെയ്യുന്നുവെന്നും സാധാരണക്കാർക്ക് വിതരണം ചെയ്യേണ്ട സിമന്റിന്റെ വില യാതൊരു മുന്നറിയിപ്പും കൂടാതെ ക്രമാതീതമായി വർദ്ധിപ്പിക്കുന്നു എന്നുമാണ്. അയൽ സംസ്ഥാനങ്ങളിൽ സിമന്റിന്റെ വില കേരളത്തിലെ വിലയേക്കാൾ വളരെ കുറവാണെന്നത് ഒരു വസ്തുതയാണ്. |
| ബി) | കൃത്രിമക്ഷാമം സൃഷ്ടിച്ച് സിമന്റ് കമ്പനികൾ അന്യായമായ തോതിൽ വില വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അയൽ സംസ്ഥാനങ്ങളിൽ പ്രാബല്യത്തിലുള്ള വിലയുടെ ഇരട്ടിയിലധികം വില സംസ്ഥാനത്ത് നിശ്ചയിച്ചിരിക്കുന്നത് നീതീകരിയ്ക്കാനാകാത്തതാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; | | |
| സി) | സംസ്ഥാനത്ത് സിമന്റിന്റെ കൃത്രിമക്ഷാമവും വിലക്കയറ്റവും തടയുന്നതിന് ഏതെല്ലാം രീതിയിൽ | | |

ഇടപെടാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിയ്ക്കാമോ?

സിമന്റ് ഉൽപ്പാദകരുമായി പ്രത്യേകം ചർച്ച നടത്തി ഇക്കാര്യത്തിൽ സാധ്യമായ ഇടപ്പെടൽ നടത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മലബാർ സിമന്റ്സ് കേരളത്തിൽ ആവശ്യ മുള്ള സിമന്റിന്റെ 10 ശതമാനം മാത്രമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. വിപണിയിലെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മലബാർ സിമന്റ്സ് വിപണി വിലയേക്കാൾ 25 രൂപ കുറവായാണ് ചില്ലറവിൽപ്പന വില നിശ്ചയി ച്ചിരിക്കുന്നത്. മലബാർ സിമന്റ്സിന്റെ അടഞ്ഞു കിടന്നിരുന്ന ചേർത്തലയിലെ സിമന്റ് ഗ്രൈന്റിംഗ് യൂണിറ്റ് തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്ന് പാട്ടത്തിനെടുത്ത സ്ഥലത്ത് ക്ലിങ്കറും, സിമന്റും ഇറക്കുമതി ചെയ്ത് ഉല്പാദനവും വിപണനവും വിപുലീകരിക്കുന്നതിനുള്ള ഒരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

അടുത്ത കാലത്തുണ്ടായ ചില പ്രശ്നങ്ങളെത്തുടർന്ന് അസംസ്കൃത വസ്തുക്കളായ സ്വീറ്റ്നർ ഗ്രേഡ് ചുണ്ണാമ്പുകല്ല്, കൽക്കരി, ലാറ്ററൈറ്റ് എന്നിവ ലഭ്യമാകാത്തതു കാരണം വാളയാർ യൂണിറ്റിൽ ഉല്പാദനം നിർത്തി വെക്കേണ്ടതായി വന്നു. എന്നാൽ കൊച്ചിൻ പോർട്ടിൽ സ്റ്റോക്കുണ്ടായിരുന്ന ക്ലിങ്കറിൽ 8000 ടൺ വാളയാർ യൂണിറ്റിലേക്ക് കൊണ്ടു പോയി

സിമന്റ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മലബാർ സിമന്റ്സിന്റെ ഉൽപ്പാദനം വർദ്ധിപ്പിച്ചും അസംസ്കൃത വസ്തുക്കൾ നേരിട്ട് ഇറക്കുമതി ചെയ്തും വിപണിയിൽ ഒരു മാറ്റമുണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

സെക്ഷൻ ഓഫീസർ